പുറത്തെഴുത്ത് കത്ത് നം. ഐസിഡിഎസ് ബി4/31531/19 തീയതി :27/10/2020

ബഹു ഹൈക്കോടതിയിൽ സമർപ്പിക്കുന്ന പ്രമാണങ്ങൾ എ4 സൈസ് പേപ്പറിൽ മാത്രമേ സമർപ്പിക്കുവാൻ പാടുള്ളൂ എന്നത് സംബന്ധിച്ച് അഡ്വക്കറ്റ് ജനറലിന്റെ കാര്യാലയത്തിൽ നിന്നും പുറത്തിറക്കിയ പരിപത്രത്തിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു, ടി പരിപത്രത്തിലെ നിർദ്ദേശം പാലിച്ച് മാത്രമേ 2-11-2020 മുതൽ കോടതി വ്യവഹാരങ്ങൾ നടത്താവൂ എന്ന് നിഷ്കർഷിക്കുന്നു.

വനിത ശിശു വികസന ഡയറക്ടർക്ക് വേണ്ടി

എല്ലാ കീഴ്കാര്യാലയ മേധാവികൾക്കും

എല്ലാ സെക്ഷൻ ഹെഡ്ഡുമാർക്കും

## അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയം, കേരളം, എറണാകുളം

Phone (PABX) 0484- 2395050, 2395052, 2395078
E-mail:- advocategeneralkerala@gmail.com

വിഷയം: ഭരണവിഭാഗം-അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയം, എറണാകുളം - ബഹു. ഹൈക്കോടതിയിൽ ഫയലാക്കുന്ന പ്രമാണങ്ങൾ A4 സൈസ് പേപ്പറിൽ അച്ചടിക്കുന്നത് - സംബന്ധിച്ച്.

വായന:- കേരള ഹൈക്കോടതി രജിസ്ട്രാർ ജനറലിന്റെ 22.09.2020 തീയതിയിലെ DI-I/104010/2019 നമ്പർ കത്ത്.

**പരിപത്രം നമ്പർ 18/2020 തീയതി: 16.10.2020**

പേപ്പറിന്റെ ഉപയോഗവും ചെലവും പരമാവധി കുറയ്ക്കുക എന്ന ഉദ്ദേശത്തോടെയും ലഭ്യത പരിഗണിച്ചും 02.11.2020 മുതൽ ബഹു. ഹൈക്കോടതി മുമ്പാകെ ഫയലാക്കുന്ന എല്ലാ കേസുകളും മറ്റു പ്രമാണങ്ങളും A4 സൈസ് പേപ്പറിൽ ഇരുപുറവും അച്ചടിക്കേണ്ടതാണ് എന്ന് ബഹു. രജിസ്ട്രാർ ജനറൽ വായന വിജ്ഞാപനം മുഖേന അറിയിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ 02.11.2020 തീയതിമുതൽ ഈ കാര്യാലയത്തിൽനിന്നും ബഹു. ഹൈക്കോടതി മുമ്പാകെ ഫയലാക്കുന്ന എല്ലാ കേസുകളും പ്രമാണങ്ങളും A4 സൈസ് പേപ്പറിൽ ഇരുപുറവും അച്ചടിക്കേണ്ടതാണെന്ന് ഇതിനാൽ കർശന നിർദ്ദേശം നൽകുന്നു. വിവിധ സർക്കാർ ഓഫീസുകളിൽനിന്നും പ്രമാണങ്ങൾ തയ്യാറാക്കി ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ട ഘട്ടങ്ങളിൽ ടി പ്രമാണങ്ങൾ A4 സൈസ് പേപ്പറിൽ ഇരുപുറവും അച്ചടിച്ച് നൽകാൻ പ്രത്യേകം ആവശ്യപ്പെടേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ മറ്റു കാര്യാലയങ്ങളിൽ നിന്നും 02.11.2020-നുശേഷം പഴയ മാതൃകയിൽ സമർപ്പിക്കുന്ന പ്രമാണങ്ങൾ നിർദ്ദിഷ്ട മാതൃകയിൽ തയ്യാറാക്കി കാലതാമസം കൂടാതെ ഫയലാക്കേണ്ടതാണ്. ഫയലിംഗിനായി തയ്യാറാക്കേണ്ട Paper, Page Setup, Margins എന്നിവ സംബന്ധിച്ച് ബഹു. ഹൈക്കോടതി നൽകിയിരിക്കുന്ന പ്രത്യേക നിർദ്ദേശങ്ങൾ താഴെ പറയും പ്രകാരമാണ്.

| | |
|---|---|
| Paper | -- A4 Size Paper (21.0x 29.7 cm.) having not less than 75 GSM. |
| Page Setup, Margins | - 3.5 cm on left and right |
| | 2 cm on top and bottom. |

മേൽപറഞ്ഞ പ്രകാരം തയ്യാറാക്കാത്ത പ്രമാണങ്ങൾ Defect ആവുമെന്നതിനാൽ നിർദ്ദിഷ്ട മാതൃകയിൽ പ്രമാണങ്ങൾ തയ്യാറാക്കി ഫയലാക്കുവാൻ ബന്ധപ്പെട്ട ജീവനക്കാർ ശ്രദ്ധിക്കേണ്ടതാണ്.

ഒപ്പ്/-
ലാലി ജോസഫ് കെ.
അഡ്വക്കേറ്റ് ജനറലിന്റെ സെക്രട്ടറി
അഡ്വക്കേറ്റ് ജനറലിനുവേണ്ടി

എല്ലാ ജീവനക്കാർക്കും.

അംഗീകാരത്തോടെ